"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സി.എസ്.ഐ.എൻ.ഡി. - വെസ്റ്റ് കോസ്റ്റ് കനാൽ വികസനം - കോവളം മുതൽ വർക്കല വരെ കനാൽ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങളുടെ കിഫ്ബി ധനസഹായത്തോടെയുള്ള പുനരധിവാസം- വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ് - പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2/2026/CSIND തീയതി,തിരുവനന്തപുരം, 04-01-2026

---

പരാമർശം:-

1. സ.ഉ.(സാധാ)നം.16/2021/സി.എസ്.ഐ.എൻ.ഡി, തീയതി 04/08/2021.
2. സ.ഉ.(സാധാ)നം.23/2022/സി.എസ്.ഐ.എൻ.ഡി, തീയതി 24/11/2022.
3. സ.ഉ.(സാധാ)നം.40/2023/സി.എസ്.ഐ.എൻ.ഡി, തീയതി 05/12/2023.
4. ചീഫ് എഞ്ചിനീയർ , കിൽ- സമർപ്പിച്ച 29/08/2025- ലെ KWIL/WCC/REHAB/72/2025 നമ്പർ കത്ത്.

**ഉത്തരവ്**

കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് ജലപാതാ വികസനവുമായി ബന്ധപ്പെട്ട് കോവളം മുതൽ വർക്കല വരെയുള്ള ഭാഗത്ത് കനാൽ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസത്തിനായി 247.2 കോടി രൂപയുടെ കിഫ്ബി ധനസഹായം ലഭ്യമാക്കുന്നതിന് തത്വത്തിലുള്ള അംഗീകാരം നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത പുനരധിവാസം നടപ്പാക്കുന്നതിന് പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കിൽ ലഭ്യമാക്കിയ കൺസെപ്റ്റ് നോട്ട് പ്രകാരമുള്ള വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ്- ന് വ്യവസ്ഥകളോടെ അംഗീകാരം നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നതും, പ്രസ്തുത ഉത്തരവിലെ നഷ്ടപരിഹാര പാക്കേജ് സംബന്ധിച്ച തുകയുടെയും കുടുംബങ്ങളുടെയും കണക്ക് പട്ടിക ഭേദഗതി ചെയ്ത് പരാമർശം (3) പ്രകാരവും ഉത്തരവായിരുന്നു.

(2) വെസ്റ്റ് കോസ്റ്റ് കനാൽ ജലപാതാ വികസനവുമായി ബന്ധപ്പെട്ട് കനാൽ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസപ്രവൃത്തികളും, കെട്ടിടങ്ങളുടെ വാല്യുവേഷൻ പ്രവൃത്തികളും പുരോഗമിച്ചു വരികയാണെന്നും, പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (കിൽ) അധികൃതരും, ഉൾനാടൻ ജലഗതാഗത വകുപ്പ് ഉദ്യോഗസ്ഥരും സംയുക്തമായി നടത്തിയ സ്ഥലപരിശോധനയിൽ വർക്കല 377 കുടുംബങ്ങൾ (ആകെ 385 കുടുംബങ്ങളിൽ), കഠിനംകുളം 185 ( 194 കുടുംബങ്ങളിൽ), തിരുവനന്തപുരം 349 ( ആകെ 494 കുടുംബങ്ങളിൽ) എന്നിവർ പാക്കേജ് സ്വീകരിക്കാൻ തയ്യാറായിട്ടുണ്ടെന്നും ആകെ പുനരധിവസിപ്പിക്കേണ്ടതായി ആദ്യം കണ്ടെത്തിയ 1480 കുടുംബങ്ങളിൽ പിന്നീട് തിരുവനന്തപുരം കോർപ്പറേഷൻ ഭാഗത്ത് പട്ടയം ഉള്ളതായി കണ്ടെത്തിയ കുടുംബങ്ങളെ ഒഴിവാക്കി നിലവിൽ 1073 കുടുംബങ്ങൾ മാത്രമാണ് പുനരധിവാസ പാക്കേജിന് അർഹരെന്ന് കണ്ടെത്തിയതായും അതിനാൽ പാക്കേജിനുള്ള

ഫണ്ടിന്റെ ആവശ്യകത ഏകദേശം 38 കോടി രൂപയോളം കുറഞ്ഞതായും, പുനർഗേഹം മാതൃകയിലുള്ള സ്കീമിലുൾപ്പെട്ട 54 കുടുംബങ്ങൾ WCC റീഹാബിലിറ്റേഷൻ പാക്കേജിലേതുപോലെ വാടകതുക ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് മുന്നോട്ട് വന്നിട്ടുള്ള സാഹചര്യത്തിൽ അതിനായി 44 ലക്ഷം രൂപയും കൂടാതെ കെട്ടിടങ്ങളുടെ വാല്യുവേഷനും, PMU ടീമിന് പ്രതിഫലം നൽകുന്നതിനുമായി ആവശ്യമായി വരുന്ന അധിക തുകയും ആവശ്യമാണെന്നും പ്രസ്തുത ഘടകങ്ങൾ കൂടി ഉൾപ്പെടുത്തി പരാമർശം (3) പ്രകാരം അനുമതി ലഭ്യമാക്കിയ കണക്ക് പട്ടിക ഭേദഗതി ചെയ്ത് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്നും പരാമർശം (4) കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ, ക്വിൽ ആവശ്യപ്പെടുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുനരധിവാസ പ്രവൃത്തികൾക്കായി വേണ്ടി വരുന്ന ആകെ തുകയിൽ മാറ്റം വരുന്നില്ല എങ്കിലും ഇനം തിരിച്ചുള്ള ചെലവുകൾക്ക് ഏറ്റക്കുറച്ചിലുകൾ സംഭവിച്ചിട്ടുള്ളതിനാൽ ആ മാറ്റം കണക്കിലെടുത്ത് പരാമർശം (3) ഉത്തരവിലെ നഷ്ടപരിഹാര പാക്കേജ് സംബന്ധിച്ച് തുകയുടെയും കുടുംബങ്ങളുടെയും കണക്ക് പട്ടിക താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നം. | ഇനം | തുക |
|---|---|---|
| എ | 10 ലക്ഷം രൂപ നിരക്കിൽ ചെലവഴിച്ച് പുനരധിവസിപ്പിക്കുന്നതിനുള്ള വ്യവസ്ഥ<br>വർക്കല — 385 കുടുംബങ്ങൾ<br>കഠിനംകുളം- 194 കുടുംബങ്ങൾ<br>തിരുവനന്തപുരം- 494 കുടുംബങ്ങൾ<br>ആകെ കുടുംബങ്ങൾ = 1073 | 1073 x 10 ലക്ഷം = 107,30,00,000/- രൂപ |
| ബി | പുനരധിവസിപ്പിക്കപ്പെടുന്നവർക്ക് വാടകയിനത്തിൽ ആവശ്യമായി വരുന്ന തുക | 1073 x 1,00,000 = 10,73,00,000/- രൂപ |
| സി | കടകൾക്കുള്ള നഷ്ട പരിഹാരം<br>ആകെ കടകൾ-71 | 71 x 50,000 = 35,50,000/- |
| ഡി | കെട്ടിടങ്ങൾക്കുള്ള നഷ്ടപരിഹാരം | 84,59,70,000/- |
| ഇ | വാല്യുവേഷൻ കോസ്റ്റ് | 50,00,000/- |
| എഫ് | പുനർഗേഹം പുനരധിവാസ പദ്ധതി പ്രകാരം 39 കുടുംബങ്ങൾക്ക് നൽകാനുള്ള ബാക്കി തുക | 2,20,00,000/- |
| ജി | PMU ടീം -നു നൽകാനുള്ള പ്രതിഫലം = ( 54മാസം x5.7 ലക്ഷം / മാസം) | 3,07,80,000/- രൂപ |
| എച്ച് | പുനർഗേഹം പദ്ധതിയുടെ ഗുണഭോക്താക്കളായ 54 കുടുംബങ്ങൾക്ക് വാടകയിനത്തിൽ തുക അനുവദിക്കുന്നതിന് | 44,00,000/- |
| | ആകെ | 209,20,000/- |
| | വർക്കല, കഠിനംകുളം, തിരുവനന്തപുരം | |

| | | |
|---|---|---|
| ഐ | എന്നിവിടങ്ങളിൽ കൂടുതൽ കുടുംബങ്ങളെ പാക്കേജിൽ ഉൾപ്പെടുത്തുന്നതിനായി ഉപയോഗിക്കാവുന്ന ബാക്കി തുക | 38,00,00,000/- |
| | **ആകെ** | **247. 200 കോടി രൂപ.** |

4. മേൽ പറഞ്ഞ ഭേദഗതിയോടെ പരാമർശം (1) - ലെ ഉത്തരവ് നിലനിൽക്കുന്നതാണ്. പദ്ധതി നിർവ്വഹണത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം അതത് സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾക്കായതിനാൽ പദ്ധതി ബാധിതരെ കണ്ടെത്തുന്നതും പരിശോധന നടത്തി കൃത്യതതയും വ്യക്തതയും ഉറപ്പ് വരുത്തുന്നതും കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് ( ക്വിൽ) ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും,ശ്രീവത്സം ബിൽഡിംഗ്, ആലപ്പുഴ.
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ് , ആശ്രാമം, കൊല്ലം.
ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL), കൊച്ചിൻ എയർപോർട്ട് പി. ഒ., കൊച്ചി.
ചീഫ് എഞ്ചിനീയർ, കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL), കൊച്ചി.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്.
ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പ് (INFRA7/56/2025/FIN തീയതി 26/11/2025)
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( എ2/161/2025/സി.എസ്.ഐ.എൻ.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Bimal V
Date: 05-01-2026 10:54:57
സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

അഡീഷണൽ ചീഫ് സെക്രട്ടറി (സി.എസ്.ഐ.എൻ.ഡി) യുടെ പി.എ.യ്ക്ക്.